(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനികളുമായി ധാരണാപത്രത്തിൽ ഒപ്പിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബാലികാ സമൃദ്ധിയോജനാ പദ്ധതി സംസ്ഥാനത്ത് ഐ.സി.ഡി.എസ് പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു.

(ബി) 15-8-1997-നോ അതിനുശേഷമോ ജനിച്ച ബി.പി.എൽ. പരിധിയിൽ വരുന്ന കുടുംബങ്ങളിലെ രണ്ട് പെൺകുട്ടികൾക്കുവരെ ധനസഹായമായി 500 രൂപ വീതം പോസ്റ്റ് ബർത്ത് ഗ്രാന്റ് നൽകുന്നു. ഇതുകൂടാതെ ടി പെൺകുട്ടികൾക്ക് 1-3 ക്ലാസ് വരെ 300 രൂപാ പ്രകാരവും, 4-ാം ക്ലാസിൽ 500 രൂപയും, 5-ാം ക്ലാസിൽ 600 രൂപയും, 6, 7 ക്ലാസ്സുകളിൽ 700 രൂപയും, 8-ാം ക്ലാസിൽ 800 രൂപയും, 9-10 ക്ലാസ്സുകളിൽ 1000 രൂപയും പ്രതിവർഷം സ്കോളർഷിപ്പായും നൽകുന്നു. പോസ്റ്റ് ബർത്ത് ഗ്രാന്റിന്റെ ഒരു ഭാഗം കുട്ടിയുടെ അമ്മയുടെ അനുമതിയോടെ സേവിംഗ്സ് നിക്ഷേപം നടത്തുകയും കുട്ടിക്ക് 18 വയസ്സു തികയുമ്പോൾ വിവാഹം കഴിഞ്ഞില്ലെങ്കിൽ മുഴുവൻ തുകയും, വിവാഹം കഴിഞ്ഞെങ്കിൽ സ്കോളർഷിപ്പും അതിന്റെ പലിശയും ഒഴികെയുള്ള തുകയും നൽകുന്നതാണ് പദ്ധതി ലക്ഷ്യം.

(സി) ഒപ്പിട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വികലാംഗർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

119 [4895] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികലാംഗർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

വികലാംഗർക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

വികലാംഗർക്ക് സൗജന്യ ഉപകരണ വിതരണം

120 [4896] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വാർഷിക വരുമാനമുള്ള എത്ര വികലാംഗർക്ക് 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ സൗജന്യമായി ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്;

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[4-8-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 8 (4864) കാണുക]

KAL-ന്റെ കഴിഞ്ഞ 5 വർഷത്തെ വരവ്, ചിലവ്, ലാഭം, നഷ്ടം എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ്

വർഷം	വരവ് (ലക്ഷത്തിൽ)	ചിലവ് (ലക്ഷത്തിൽ)	ലാഭം (ലക്ഷത്തിൽ)
1998-1999	4,477.28	4,337.00	140.28
1999-2000	4,846.18	4,435.83	410.35
2000-2001	3,883.42	3,618.40	265.02
2001-2002	4,479.40	4,231.50	247.90
2002-2003	4,726.22	4,436.30	289.92

(ആഡിറ്റിന് വിധേയം)

അനുബന്ധം II

[4-8-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 107 (4870) കാണുക]

വർഷം	ലാഭം (ലക്ഷത്തിൽ)	നഷ്ടം (ലക്ഷത്തിൽ)
1996-1997	40.36	..
1997-1998	..	1007.83
1998-1999	130.61	..
1999-2000	916.67	..
2000-2001	434.36	..
2001-2002	..	901.83 (പ്രൊവിഷണൽ)
2002-2003	..	862.41 (പ്രൊവിഷണൽ)

അനുബന്ധം III

[4-8-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 119 (4895) കാണുക]

വികലാംഗർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ

1. വികലാംഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ്.—കുടുംബ വാർഷിക വരുമാനം 24,000 രൂപയിൽ കവിയാത്തവരും മുൻ വാർഷിക പരീക്ഷയിൽ 40%-ത്തിൽ കുറയാത്ത മാർക്കോടുകൂടി വിജയിക്കുന്നവരുമായ വികലാംഗ വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന വിധം സ്കോളർഷിപ്പ് നൽകിവരുന്നു:

ക്ലാസ്	സ്കോളർഷിപ്പ്	റിക്രസിറ്റ് അലവൻസ്
1 മുതൽ 4 വരെ	30 രൂപ പ്രതിമാസം	25 രൂപ പ്രതിമാസം
5 „ 8 „	45 „	40 „

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ്	ഡേ സ്കോളർഷിപ്പ്	ഹോസ്റ്റലേഴ്സ് അലവൻസ്	റീഡേഴ്സ് അലവൻസ്
9 മുതൽ പ്രീഡിഗ്രി വരെ	85 രൂപ പ്രതിമാസം	140 രൂപ പ്രതിമാസം	50 രൂപ പ്രതിമാസം
ഡിഗ്രി തലത്തിൽ	125 ,, ,,	180 ,, ,,	75 ,, ,,
ബിരുദാനന്തരം	170 ,, ,,	240 ,, ,,	100 ,, ,,

ഉപകരണങ്ങൾ ഉപയോഗിക്കുന്ന അസ്ഥിസംബന്ധമായ വൈകല്യമുള്ളവർക്ക് പ്രതിമാസം 25 രൂപയും പ്രത്യേക യാത്രാ സംവിധാനം ഉപയോഗിക്കുന്നവർക്ക് പ്രതിമാസം 50 രൂപയും പ്രത്യേക അലവൻസായി നൽകുന്നു.

2. മന്ദബുദ്ധികളായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്.—കുടുംബ വാർഷിക വരുമാനം 24,000 രൂപയിൽ കവിയാത്ത സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച 21 വയസ്സിന് താഴെയുള്ളവർക്ക് 75 രൂപ നിരക്കിൽ പരമാവധി 10 മാസത്തേക്ക് 750 രൂപ സ്കോളർഷിപ്പായും ഡ്രസ്സ് അലവൻസായി പ്രതിവർഷം 100 രൂപയും പാഠ്യോപകരണങ്ങൾക്കായി പ്രതിവർഷം 50 രൂപയും ധനസഹായമായി നൽകിവരുന്നു.

3. വികലാംഗർക്ക് തൊഴിൽ പരിശീലനത്തിനുള്ള സ്റ്റൈപ്പന്റ് പദ്ധതി.—തിരുവനന്തപുരം വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ബുക്ക് ബയന്റിംഗ്, ടെയിലറിംഗ് ആന്റ് എംബ്രോയിഡറി, കമ്പ്യൂട്ടർ പരിശീലനം എന്നീ കോഴ്സ് ട്രെയിഡുകളിൽ പരിശീലനം നൽകിവരുന്നു. കോഴിക്കോട്ടുള്ള വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ, ലതർ ഗുഡ്സ് മാനുഫാക്ച്ചറിംഗ്, ബുക്ക് ബയന്റിംഗ്, കമ്പ്യൂട്ടർ എന്നിവയിൽ പരിശീലനം നൽകുന്നു. വാർഷിക കുടുംബ വരുമാനം 24,000 രൂപയിൽ കുറവായ പരിശീലനാർത്ഥികൾക്ക് പ്രതിമാസം 200 (ഇരുനൂറ്) രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നു. ഈ നിരക്കിലുള്ള സ്റ്റൈപ്പന്റ് തിരുവല്ലയ്ക്കടുത്തുള്ള കാർത്തിക നായർ മെമ്മോറിയൽ റിഹാബിലിറ്റേഴ്സ് എന്ന സന്നദ്ധ സംഘടന നടത്തുന്ന തൊഴിൽ പരിശീലന കേന്ദ്രത്തിലെ പഠിതാക്കൾക്കും നൽകുന്നുണ്ട്.

4. വികലാംഗരായ ഉദ്യോഗാർത്ഥികൾക്കുള്ള യാത്രാബത്ത.—കുടുംബ വരുമാനം പതിനായിരം രൂപയിൽ താഴെയുള്ള വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ, എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്നതിന് യാത്രാബത്ത നൽകിവരുന്നു.

5. അഭിഭാഷകർക്ക് ധനസഹായ പദ്ധതി.—അന്ധരായ അഭിഭാഷകർക്കും അസ്ഥി സംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കും കുടുംബ വാർഷിക വരുമാനം 18,000 രൂപയിൽ കവിയുന്നില്ലെങ്കിൽ എക്സ്ഗ്രേഷ്യാ അലവൻസായി 2,500 രൂപയും വായനാ സഹായിക്കുള്ള അലവൻസായി പ്രതിമാസം 1,000 (ആയിരം) രൂപ നിരക്കിൽ 5 വർഷത്തേക്ക് ധനസഹായം നൽകിവരുന്നു.

6. വികലാംഗ ജീവനക്കാർക്ക് സംസ്ഥാന അവാർഡ്.—മികച്ച വികലാംഗ ജീവനക്കാർക്ക് 3,000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നു. വികലാംഗർക്കായി പ്രവർത്തിക്കുന്ന മികച്ച സ്ഥാപനങ്ങൾക്കുള്ള ക്യാഷ് അവാർഡ് 2,000 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

7. സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ സദനങ്ങൾക്കുള്ള ഗ്രാന്റ്.—ഇതിലേക്കുള്ള സന്നദ്ധ സംഘടനകൾക്ക് അന്തേവാസി ഒന്നിന് പ്രതിമാസം 100 രൂപ എന്ന ക്രമത്തിൽ ധനസഹായം നൽകുന്നു. അന്തേവാസികളുടെ കുടുംബ വാർഷിക വരുമാനം 24,000 രൂപയിൽ കവിയുവാൻ പാടില്ല.

8. വികലാംഗ ദുരിതാശ്വാസ നിധി.—ചികിൽസാ ധനസഹായമായി ഒരു വർഷം പര മാവധി 2,000 രൂപ ധനസഹായമായി നൽകുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ 5,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly